**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 410** — **04.06.2018 — ൽ മറുപടിക്ക്**

# റേഷൻ വ്യാപാരികൾക്ക് വേതനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വേതനത്തിന്റെ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) 10.11.17 ലെ സ.ഉ(കൈ)നം. 29/17/ഭ.പൊ.വി.വ പ്രകാരം റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി പ്രസ്തുത ഉത്തരവ് അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) റേഷൻ വ്യാപാരികളുടെ വേതനകാര്യത്തിൽ ശിപാർശ നൽകുവാനായി നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയാണ് ; പ്രസ്തുത ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |
| (സി) റേഷൻ വ്യാപാരികൾക്ക് വേതനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷനരിക്ക് വില കൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ വർദ്ധനവാണ് വരുത്തിയതെന്ന അറിയിക്കാമോ? | (സി) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി എ.എ.വൈ. ഒഴികെയുള്ള എല്ലാ വിഭാഗങ്ങളുടെയും പക്കൽ നിന്നും കൈകാര്യചെലവിനത്തിൽ കിലോഗ്രാമിന് 1/- രൂപ വീതം ഈടാക്കുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം-1

# കേരള സർക്കാർ
## സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം – സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പുവരുത്തിക്കൊണ്ടുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ)നം.29/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 10.11.2017

---

പരാമർശം :- 1) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശ

2) 31.05.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പരാമർശം (1) പ്രകാരം ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) ആയി ചേർന്ന യോഗം കമ്മിറ്റി ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ശുപാർശകളുടെ വെളിച്ചത്തിൽ യോഗം ചില പ്രാഥമിക നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

2) പരാമർശങ്ങളിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ നിർദ്ദേശപ്രകാരം 45 ക്വിൻറൽ എങ്കിലും വിൽക്കുന്നവർക്ക് കുറഞ്ഞ കമ്മീഷൻ പ്രതിമാസം 16,000/- രൂപ ആയി നിജപ്പെടുത്തിക്കൊണ്ടും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി താഴെ പറയുന്ന നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പാക്കേജിൽ മിനിമം കമ്മീഷനായി നിശ്ചയിച്ചിരിക്കുന്ന 16000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിൻറൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്.

2) റേഷൻവ്യാപാരിക്ക് ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നത് വിറ്റഴിക്കുന്ന ഭക്ഷ്യധാന്യത്തിൻെറ അളവിനെ അടിസ്ഥാനമാക്കിയായിരിക്കും.

3) ഇ-പോസ് മുഖേനയുള്ള വിപണനത്തിന് പരാമർശം (1) പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കമ്മിറ്റി ശുപാർശ ചെയ്ത ട്രാൻസാക്ഷൻ നിരക്കും വിൽക്കുന്ന ഭക്ഷ്യധാന്യത്തിന് ശുപാർശ ചെയ്ത കമ്മീഷൻനിരക്കും ഏകോപിപ്പിച്ച് 220രൂപ/ക്വിൻറൽ എന്ന നിരക്കിലായിരിക്കും വ്യാപാരിക്ക് ലഭ്യമാകുക.

4) 45 ക്വിന്റലോ അതിൽ കുറവോ റിക്വയർമെൻറുള്ള വ്യാപാരിക്ക് വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് 220രൂപ/ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപയും നിബന്ധന (9) ലെ ഏകീകരണം പൂർത്തിയാകുന്നത് വരെ ലഭിക്കുന്നതാണ്.

5) 45 ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യം റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ 16000/- രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിനാവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്.

6) 73 ക്വിൻറലോ അതിലധികമോ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിൻറലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭ്യമാകുന്നതാണ്. എന്നാൽ ഇവർക്ക് സപ്പോർട്ടീവ് പേയ്മെൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) 100% ഓഫ്ടേക്ക് കൈവരിക്കാത്തവർക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിൽ ആനുപാതികമായ കുറവുണ്ടാകുന്നതാണ്.

8) ഓരോ റേഷൻകടയിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിപണനം ആരംഭിക്കുന്നത് മുതലായിരിക്കും വ്യാപാരികൾക്ക് മേൽനിരക്കിലെ കമ്മീഷന് അർഹതയുണ്ടാവുക. ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതു വരെ 100/- രൂപ / ക്വിന്റൽ എന്ന കമ്മീഷൻ നിരക്ക് തുടരുന്നതാണ്.

9) വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി, വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനും കുറവുണ്ടാകുന്നത് പരിഹരിയ്ക്കാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കും. അതുവരെ ആകും സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകുക.

3) പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന അന്നു മുതൽ കൈകാര്യ ചെലവ് ഈടാക്കേണ്ടതാണ്. ഇതിനും പുറമേ ആവശ്യമായി വരുന്ന 44.99 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
6. ധനകാര്യവകുപ്പ് (vide U.O No.Agri-A1/40/2017-Fin dated 12.04.2017)
7. പൊതുഭരണ (എസ്.സി) വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഭക്ഷ്യപൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

പാക്കേജ്.

റേഷൻ വ്യാപാരികൾക്ക് മതിയായ സംരക്ഷണം ഉറപ്പാക്കിയുള്ള പാക്കേജാണ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചത്. റേഷൻ ഡിപ്പോയുടെ നിയമനം സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളതും 16.11.1995-ന് നമ്പർ ബി.3-95/എഫ്.&സി.എസ്.ഡി. ആയി പുറപ്പെടുവിച്ച നിർദ്ദേശത്തിൽ ഒരു റേഷൻ ഡിപ്പോ ലാഭകരമായി പ്രവർത്തിക്കുന്നതിന് 400 റേഷൻ കാർഡ് ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ 350 വരെ എണ്ണം റേഷൻ കാർഡുള്ള റേഷൻ ഡിപ്പോകളെ ഒരു ക്ലാസ്സിലും തുടർന്ന് 2200 വരെ കാർഡുള്ള റേഷൻ ഡിപ്പോകളെ 8 ക്ലാസ്സുകളിലുമായി ഉൾപ്പെടുത്തി ഉയർന്ന നിരക്കിലുള്ള ഇൻസെന്റീവ് (Rs. 8 / transaction limited to 2 transaction) ഇ-പോസ് മുഖേനയുള്ള വിതരണത്തിന് നൽകി, കമ്മീഷൻ താഴ്ന്ന ക്ലാസ്സുകൾക്ക് ഉയർന്ന നിരക്കിലും ഉയർന്ന ക്ലാസ്സുകൾക്ക് താരതമ്യേന താഴ്ന്ന നിരക്കിലും കമ്മീഷൻ ലഭ്യമാക്കിയും ആദ്യത്തെ 3 ക്ലാസ്സുകൾക്ക് മിനിമം 6000, 4000, 2000 എന്നിങ്ങനെ സപ്പോർട്ട് പേയ്മെന്റ് നൽകിയുമാണ് പാക്കേജ് ക്രമീകരിച്ചിരിക്കുന്നത്. 350-ൽ താഴെ റേഷൻകാർഡുള്ള ഡിപ്പോകൾക്ക് 1-ാമത്തെ ക്ലാസ്സ് അനുസരിച്ചുള്ള മിനിമം സപ്പോർട്ട് പ്രൈസ് ലഭ്യമാവുകയും ഉയർന്ന നിരക്കിലുള്ള ഇൻസന്റീവും കമ്മീഷനും ലഭ്യമാവുകയും ചെയ്യും.

<u>350 കാർഡുള്ള റേഷൻ ഡിപ്പോക്കുള്ള കമ്മീഷൻ ചുവടെ ചേർക്കുന്നു.</u>

ആകെ കാർഡുകളുടെ എണ്ണം - 350
സപ്പോർട്ട് പേയ്മെന്റ് - 6000
കമ്മീഷൻ @ 180% / ക്വിന്റൽ
റിക്വയർമെന്റ് 45 ക്വിന്റൽ
45 X 180% = 8100
ഇൻസെന്റീവ് - ആകെ കാർഡുകളുടെ എണ്ണം X 2 X ഇൻസന്റീവ് നിരക്ക്
350 X 2 X 8 = 5600
ആകെ 6000 + 8100 + 5600 = 19700

<u>600 കാർഡുള്ള റേഷൻ ഡിപ്പോക്കുള്ള കമ്മീഷൻ ചുവടെ ചേർക്കുന്നു.</u>

റേഷൻ കാർഡുകളുടെ എണ്ണം - 600
കമ്മീഷൻ @ 140% / ക്വിന്റൽ = 14000
ഇ-പോസ് മുഖേനയുള്ള വിതരണം 600 X 2 X 8 = 9600
ആകെ ഡീലേഴ്സ് മാർജിൻ = 23600

പാക്കേജിന്റെ പ്രത്യേകതകൾ.

1. ഇൻസെന്റീവ്

ഇ-പോസ് മുഖേനയുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് കാർഡൊന്നിന് പരമാവധി 2 തവണ വിൽപ്പന എന്ന് കണക്കാക്കി ഓരോ വിൽപ്പനക്കും 8/- രൂപ പ്രകാരം ഇൻസന്റീവ് നല്കുന്നു. (2-ൽ കൂടുതൽ തവണ റേഷൻ നല്കേി വന്നാൽ 2 തവണയ്ക്കു മാത്രമേ ഇൻസന്റീവ് അനുവദിക്കുകയുള്ളൂ) ഇത് എല്ലാ ക്ലാസിനും ബാധകമായിരിക്കും.

2. കാർഡ് എണ്ണം കുറവുള്ള റേഷൻ ഡിപ്പോകൾക്ക് സപ്പോർട്ട് പേയ്മെന്റ്.

കൈകാര്യം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവിൽ കുറവുള്ളതും, റേഷൻ കാർഡിന്റെ എണ്ണത്തിൽ കുറവുള്ളതുമായ റേഷൻവ്യാപാരികൾക്ക് (താഴ്ന്ന 3 ക്ലാസുകൾക്ക്) മിനിമം സപ്പോർട്ട് പേയ്മെന്റ് ഏർപ്പെടുത്തി.

3. കമ്മീഷൻ നിരക്കിലുള്ള വർദ്ധനവ്.

2/2015-ലാണ് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ വർദ്ധിപ്പിച്ചു നല്കിയത്. ഇത് സോൺ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 100/- രൂപയായിരുന്നു. എന്നാൽ പാക്കേജിൽ സോൺ നിബന്ധനകളിലായാലും എല്ലാ ക്ലാസിൽപ്പെട്ട റേഷൻ വ്യാപാരികളുടെയും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടു. വാതിൽപ്പടി വിതരണം സർക്കാർ ഏറ്റെടുത്തിരുന്നതിന് പുറമേയാണിത്. താഴ്ന്ന ക്ലാസ്സുകളിൽ Rs. 180/-, മദ്ധ്യഗ്രൂപ്പുകളിൽ Rs 140/- ഉം ഉയർന്ന ഗ്രൂപ്പുകളിൽ Rs 100/- എന്നിങ്ങനെയാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഇത് റേഷൻ വ്യാപാരികൾക്ക് വളരെ സഹായകരമാണ്.

ഇത് നടപ്പിൽ വരുത്തുമ്പോൾ സർക്കാരിന് പ്രതിവർഷം 428,84,42,400 രൂപ (നാന്നൂറ്റി ഇരുപത്തിയെട്ട് കോടി എൻപത്തിനാല് ലക്ഷത്തി നാല്പത്തിരായിരത്തി നാന്നൂറ് രൂപ) ചിലവ് വരും.

റേഷൻ പഞ്ചസാരയുടെ കമ്മീഷൻ വർദ്ധനവ്

റേഷൻ പഞ്ചസാര കിലോഗ്രാമിന് 15 പൈസയാണ് വ്യാപാരികൾക്കുള്ള കമ്മീഷൻ ഇത് തീർത്തും അപര്യാപ്തമാണ്. അതിനാൽ പഞ്ചസാരക്കുള്ള കമ്മീഷൻ

55 പൈസയായി ഉയർത്തുന്നതിന് ശുപാർശ ചെയ്യുന്നതിന് കമ്മറ്റി തീരുമാനിച്ചു. ഇതിന് ആനുപാതികമായി വില്പന വില വർദ്ധിപ്പിക്കാവുന്നതാണ്.

**റേഷൻ മണ്ണെണ്ണയുടെ കമ്മീഷൻ വർദ്ധനവ്**

ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള മണ്ണെണ്ണയുടെ നിലവിലുള്ള കമ്മീഷൻ ലിറ്ററിന് 21 പൈസയാണ്. ഇത് തീർത്തും അപര്യാപ്തമാണ്. ആയതിനാൽ ഇത് 50 പൈസയായി ഉയർത്താൻ കമ്മറ്റി ശുപാർശ ചെയ്തു. ഇതിന് ആനുപാതികമായി വില്പന വില വർദ്ധിപ്പിക്കാവുന്നതാണ്.